പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 5509

27.03.2018-ൽ

മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അടൂർ പ്രകാശ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, വി.ഡി.സതീശൻ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2017 ജൂൺ 15 ന് മുമ്പ് അവരുടെ വാർഷിക പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിരുന്നോ; | എ) വെള്ളനാട് ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റ് എല്ലാ ഗ്രാമപഞ്ചായത്തുകളും 2017 ജൂൺ 15 ന് മുമ്പ് വാർഷിക പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.<br><br>2017 ജൂൺ 15-നുള്ള എല്ലാ നഗരസഭകൾക്കും 2017-18 വാർഷിക പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിരുന്നു.<br><br>2017 ജൂൺ 15 നകം 152 ബ്ലോക്ക് പഞ്ചായത്തുകളും 2017-18 വാർഷിക പദ്ധതി അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. |
| ബി) അംഗീകാരം നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്ലാൻ ഫണ്ട് ഗഡുക്കളായി അനുവദിച്ച് നൽകിയിരുന്നോ; | ബി) 21.03.2015 ലെ ഉത്തരവ് നം.119/2015/ധന ഉത്തരവ് പ്രകാരം സാമ്പത്തിക വർഷങ്ങളിൽ 3 തവണകളായി പ്ലാൻ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| സി) എങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2018 ഫെബ്രുവരി 28 വരെ പദ്ധതി ചെലവിന്റെ അൻപത് ശതമാനം പോലും ചെലവഴിക്കുവാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | സി) ഗ്രാമപഞ്ചായത്തുകൾ 28.02.2018 വരെ 61.15 % ഉം ജില്ലാ പഞ്ചായത്തുകൾ 37.45 % ഉം പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്.<br>2017-18 പദ്ധതിയിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിയാത്ത കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ജി.എസ്.ടി. നിലവിൽ വന്ന സമയത്ത് കരാറുകാർ ടെണ്ടർ നടപടികൾ ബഹിഷ്കരിച്ചതും മരാമത്ത് പണികൾ നിർത്തിവച്ചതും<br>2. ട്രഷറികളിലെ ബിൽ പെൻഡിംഗ്<br>3. മരാമത്ത് പണികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത കുറവ്, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് |

മേൽ കാരണങ്ങളുണ്ടായെങ്കിലും ഇതുവരെയുള്ള പദ്ധതി കാലഘട്ടത്തേക്കാൾ പുരോഗതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ചിട്ടുണ്ട്.

നഗരകാര്യ വകുപ്പിനെ സംബന്ധിച്ച് 2018 ഫെബ്രുവരി 28 വരെയുള്ള പദ്ധതി ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- കോർപ്പറേഷൻ - 45.49%
- മുനിസിപ്പാലിറ്റി - 51.02%

01/07/2017-ൽ ജി.എസ്.റ്റി നിലവിൽ വന്നതിനെ തുടർന്ന് മരാമത്ത് പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുന്നതിൽ വിമുഖത കാണിച്ചിരുന്നു. 01/11/17-ലെ സ.ഉ(പി) 87/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ജി.എസ്.റ്റി നിലവിൽ വന്നതിനെ തുടർന്ന് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതിനുശേഷമാണ് ടെണ്ടർ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറായിട്ടുള്ളത്. 2017 നവംബർ, ഡിസംബർ മാസങ്ങളിൽ ട്രഷറി നിയന്ത്രണം മൂലം ട്രഷറിയിൽ ബില്ലുകൾ പെൻഡിംഗ് ഉണ്ടായിരുന്നു. ആയതും പദ്ധതി ചെലവ് കുറയുവാൻ കാരണമായിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകൾ 50% ത്തിലധികം പദ്ധതി ചെലവ് 2018 ഫെബ്രുവരി 28-ന് മുൻപായി കൈവരിച്ചിരുന്നു,

ഡി) പദ്ധതി നിർവ്വഹണത്തിൽ മുൻ വർഷമുണ്ടായ ഡ വീഴ്ചകൾ പരിഹരിച്ച് 2018-19 ൽ (റ്റ)ട എഴുപത്തിയഞ്ച് ശതമാനം പദ്ധതി ചെലവും ഡിസംബർ 31ന് മുമ്പ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും 12 മാസങ്ങൾ ലഭിക്കുന്നതിനായി മാർച്ച് 31 നുള്ളിൽ 2018-19 വാർഷിക പദ്ധതിക്ക് അംഗീകാരം നേടുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില തദ്ദേശസ്ഥാപനങ്ങൾ ഇതിനകം പദ്ധതി അംഗീകാരം നേടിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് ഇത് സഹായിക്കും.

നഗരസഭാതലത്തിൽ 2018-19 വാർഷിക പദ്ധതിയുടെ രൂപീകരണ നടപടികൾ വളരെ വേഗത്തിൽ നടന്നു വരികയാണ്. ഭൂരിഭാഗം നഗരസഭകളിലും വാർഡ് സഭ പൂർത്തിയാക്കുകയും വികസന സെമിനാർ നടന്നുകഴിഞ്ഞിട്ടുള്ളതുമാണ്. 31/03/18 നകം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഡി.പി.സി അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 01/04/2018-ൽ പദ്ധതി നിർവ്വഹണം ആരംഭിച്ചാൽ മറ്റു തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 75% പദ്ധതി ചെലവ് 31/12/18-ന് നേടുന്നതിന് പ്രയാസമുണ്ടാകുകയില്ല.

സെക്ഷൻ ഓഫീസർ